**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3527** **08-10-2025 - ൽ മറുപടിയ്ക്ക്**

**ലെനിൻ രാജേന്ദ്രൻ സ്മാരക സാംസ്കാരിക നിലയത്തിന്റെ നിർമ്മാണത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കാട്ടാക്കട മണ്ഡലത്തിൽ ലെനിൻ രാജേന്ദ്രൻ സ്മാരകനിലയത്തിന്റെയും തീയറ്റർ കോപ്ലക്സിന്റെയും നിർമ്മാണത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; ഏറ്റെടുക്കൽ നടപടികൾ വേഗത്തിലാക്കാൻ നടപടി സ്വീകരിക്കാമോ? | (എ) | തിരുവനന്തപുരം ജില്ലയിൽ കാട്ടാക്കട താലൂക്കിൽ മലയിൻകീഴ് ഗ്രാമ പഞ്ചായത്തിലെ മാറനല്ലൂർ വില്ലേജിൽ ഊരുട്ടമ്പലം എന്ന സ്ഥലത്ത് ലെനിൻ രാജേന്ദ്രൻ സ്മാരക സാംസ്കാരിക കേന്ദ്രവും തിയേറ്റർ കോംപ്ലക്സും നിർമ്മിക്കുന്നതിനു വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിന് സാംസ്കാരിക വകുപ്പ് ഡയറക്ടർ അർത്ഥന സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 13/11/2024-ലെ സ.ഉ.(സാധാ)നം.656/2024/ CLAD, 26-05-2025ലെ സ.ഉ.(സാധാ) നം.302/2025/CLAD എന്നിവ പ്രകാരം ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും, 2013ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമപ്രകാരം തിരുവനന്തപുരം ജില്ലയിൽ മാറനല്ലൂർ വില്ലേജിൽ ഉൾപ്പെട്ട 102.47 ആർസ് ഭൂമി ലെനിൽ രാജേന്ദ്രൻ സാംസ്കാരിക കേന്ദ്രം, തീയേറ്റർ കോംപ്ലക്സ് നിർമ്മാണത്തിന് ഏറ്റെടുക്കുന്നതിന് അനുമതി നൽകി 20-06-2025ലെ സ.ഉ.(സാധാ) നം.1483/2025/റവ പ്രകാരം ഉത്തരവായിട്ടുണ്ട്. എന്നാൽ, അർത്ഥനയോടൊപ്പം അലൈൻമെന്റ് സ്കെച്ച് ലഭ്യമാക്കാത്തതിനാൽ, സംയുക്ത സ്ഥല പരിശോധന നടത്തി തുടർനടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. സംയുക്ത സ്ഥല പരിശോധന നടത്തുന്നതിനുള്ള തുടർനടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ